**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4319** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി മുടങ്ങുന്ന അവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ പഞ്ചായത്തിൽ പത്തിരിപ്പാല 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും അമ്പലപ്പാറ, കടമ്പഴിപ്പുറം പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം നടത്തുന്നതുമൂലം മണ്ണൂർ പഞ്ചായത്തിലെ ആശുപത്രി, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് മുതലായ സർക്കാർ ഓഫീസുകളിലും ബാങ്കുകളിലും മണ്ണൂർ പത്തിരിപ്പാല ടൗൺ പ്രദേശങ്ങളിലുമൊക്കെ പതിവായി വൈദ്യുതി മുടങ്ങുന്ന അവസ്ഥയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോങ്ങാട് മണ്ഡല ത്തിലെ മണ്ണൂർ പഞ്ചായത്തിൽ പത്തിരിപ്പാല 110 കെ.വി സബ്സ്റ്റേഷനിൽ നിന്നാണ് അമ്പലപ്പാറ– കടമ്പഴിപ്പുറം പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം നടത്തി വരുന്നത്. വിതരണ മേഖലയിലെ ലൈനുകളുടെ തകരാറുകൾ മൂലമാണ് ഈ ഫീഡറുകളിൽ വൈദ്യുതി തടസ്സം കൂടുതൽ ഉണ്ടാകുന്നത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി പത്തിരിപ്പാല 110 കെ.വി. സബ്സ്റ്റേഷൻ മുതൽ കോട്ടക്കുന്ന് വരെ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS – ന്റെ കരട് രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനും മണ്ണൂർ പഞ്ചായത്തിന്റെ അതിർത്തി പ്രദേശത്ത് നിന്ന് അമ്പലപ്പാറ വരെ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോങ്ങാട് മണ്ഡല ത്തിലെ മണ്ണൂർ പഞ്ചായത്തിൽ പത്തിരിപ്പാല 110 കെ.വി സബ്സ്റ്റേഷനിൽ നിന്നാണ് അമ്പലപ്പാറ– കടമ്പഴിപ്പുറം പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം നടത്തി വരുന്നത്. വിതരണ മേഖലയിലെ ലൈനുകളുടെ തകരാറുകൾ മൂലമാണ് ഈ ഫീഡറുകളിൽ വൈദ്യുതി തടസ്സം കൂടുതൽ ഉണ്ടാകുന്നത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി പത്തിരിപ്പാല 110 കെ.വി. സബ്സ്റ്റേഷൻ മുതൽ കോട്ടക്കുന്ന് വരെ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS – ന്റെ കരട് രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ